**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2122** **30-07-2021 - ൽ മറുപടിയ്ക്ക്**

**ചികിത്സാ ധനസഹായ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ തോമസ് കെ തോമസ്** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട രോഗികൾക്ക് ചികിത്സാ ധനസഹായം നൽകുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വിശദീകരിക്കുമോ; | (എ) | മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം വകുപ്പിൽ നിന്നും 50,000/- രൂപ വരെ ചികിത്സാ ധനസഹായം അനുവദിക്കുന്നു. കൂടാതെ ഹൃദയശസ്ത്രക്രിയ, ക്യാൻസർ, കിഡ്നി തകരാർ മുതലായ ഗുരുതരമായ രോഗങ്ങൾക്ക് പരമാവധി ഒരു ലക്ഷം രൂപ വരെ ആശുപത്രി മുഖാന്തിരം അനുവദിച്ച് വരുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വൃക്കമാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി ഒരു ലക്ഷം രൂപ വരെ ധനസഹായം ബന്ധപ്പെട്ട ആശുപത്രിയ്ക്ക് നൽകിവരുന്നു. ടി വിഭാഗക്കാരുടെ ആരോഗ്യ സംരക്ഷണത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. അനുബന്ധം പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ സംരക്ഷണത്തിനായി ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. * എ.പി.എൽ/ ബി.പി.എൽ വ്യത്യാസമില്ലാതെ എല്ലാ പട്ടികവർഗ്ഗക്കാർക്കും 10,000/- രൂപവരെ ചികിത്സാ ചെലവ് സർക്കാർ ആശുപത്രികളിലും, മെഡിക്കൽ കോളേജ് ആശുപത്രികളിലും സൗജന്യമായി ലഭിക്കുന്നു. * ബി.പി.എൽ വിഭാഗത്തിൽപ്പെട്ട (വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെയുള്ള) രോഗികൾക്ക് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികൾ/സ്ഥാപനങ്ങൾ വഴി സൗജന്യ ചികിത്സ നൽകിവരുന്നു. ചികിത്സാ ചെലവ് 50000/-രൂപയിൽ അധികരിക്കുകയാണെങ്കിൽ സർക്കാർ അനുമതി |

| | | | |
|---|---|---|---|
| | | | ഉത്തരവിലൂടെ ചികിത്സാ ചെലവ് അനുവദിക്കുന്നു. ലഭ്യമല്ലാത്ത മരുന്നുകൾ പുറത്ത് മെഡിക്കൽ സ്റ്റോറുകളിൽ നിന്നും വാങ്ങുന്നതിനുള്ള ചെലവ്, ആശുപത്രികളിൽ നിന്നുള്ള ലാബ് ടെസ്റ്റിന്റെ ചെലവുകൾ, സർക്കാർ ആശുപത്രികൾ/ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സൗജന്യമായി ലഭ്യമാകാത്ത ലാബ് ടെസ്റ്റുകൾ പുറത്ത് നിന്നുള്ള സ്ഥാപനങ്ങളിൽ നിന്നും ചെയ്യുന്നതിനുള്ള ചെലവ്, രോഗികൾക്ക് ചികിത്സയ്ക്കായി അത്യാവശ്യം വേണ്ടിവരുന്ന ചികിത്സാ ഉപകരണങ്ങൾ ആശുപത്രികളിൽ ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ പുറത്തു നിന്നും ലഭ്യമാക്കുന്നതിനുള്ള ചെലവ്, രോഗികളെ ആശുപത്രികളിൽ എത്തിക്കുന്നതിനും അർഹരായ രോഗികളെ ചികിത്സ കഴിഞ്ഞ് വീട്ടുകളിൽ എത്തിക്കുന്നതിനും, മരണമടഞ്ഞവരുടെ മൃതദേഹം വീട്ടുകളിൽ എത്തിക്കുന്നതിനും വേണ്ടിവരുന്ന യഥാർത്ഥ ആംബുലൻസ്/ വാഹനവാടക, ആശുപത്രികളിൽ രോഗികളായവർക്ക് സൗജന്യ ഭക്ഷണം ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ ഭക്ഷണത്തിനായി പ്രതിദിനം 150/-രൂപ വരെയുള്ള ചെലവ്, ആശുപത്രികളിൽ രോഗികളുടെ കൂട്ടിരിപ്പിനായി തങ്ങുന്ന ഒരാൾക്ക് പ്രതിദിനം 200/- രൂപ വരെയുള്ള ചെലവ് എന്നിവ അനുവദിച്ചു നൽകുന്നു. അരിവാൾ രോഗികൾക്ക് സാമ്പത്തിക സഹായമായി പ്രതിമാസം 2500/- രൂപ നിരക്കിൽ നൽകുന്നുണ്ട് ജി പി എസ് സംവിധാനമുള്ള 14 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. വകുപ്പിന് കീഴിൽ 5 അലോപ്പതി, ഒ പി ക്ലിനിക്കുകളും ഒരു ആയുർവേദ ആശുപത്രിയും 17 ആയുർവേദ ഡിസ്പെൻസറികളും പ്രവർത്തിച്ചുവരുന്നു. കൂടാതെ 4 ANM സെന്ററുകളും (Auxiliary Nurse & Mid-wifery Centre) പ്രവർത്തിക്കുന്നുണ്ട് പട്ടികവർഗ്ഗ വിഭാഗക്കാരായ രോഗികളുടെ വിവിധ ആശുപത്രി ആവശ്യങ്ങൾക്കായി 6 ആംബുലൻസുകൾ ഉപയോഗത്തിലുണ്ട്. |
| (ബി) | വൃക്ക-കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ, ക്യാൻസർ ചികിത്സ, ഹൃദയ സംബന്ധമായ രോഗങ്ങൾ തുടങ്ങി പണച്ചെലവ് ഏറെ വഹിക്കേണ്ടി വരുന്ന രോഗികൾക്ക് പ്രസ്തുത ചികിത്സയ്ക്ക് ആവശ്യമായ മുഴുവൻ തുകയും നൽകുന്നതിന് പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (ബി) | മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം വകുപ്പിൽ നിന്നും 50,000/- രൂപ വരെ ചികിത്സാ ധനസഹായം അനുവദിക്കുന്നു. കൂടാതെ ഹൃദയശസ്ത്രക്രിയ, ക്യാൻസർ, കിഡ്നി തകരാർ മുതലായ ഗുരുതരമായ രോഗങ്ങൾക്ക് പരമാവധി ഒരു ലക്ഷം രൂപ വരെ ആശുപത്രി |

മുഖാന്തിരം അനുവദിച്ചു വരുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വൃക്കമാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി ഒരു ലക്ഷം രൂപ വരെ ധനസഹായം ബന്ധപ്പെട്ട ആശുപത്രിയ്ക്ക് നൽകിവരുന്നു. ടി വിഭാഗക്കാരുടെ ആരോഗ്യ സംരക്ഷണത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. അനുബന്ധം പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ സംരക്ഷണത്തിനായി ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. * എ.പി.എൽ/ ബി.പി.എൽ വ്യത്യാസമില്ലാതെ എല്ലാ പട്ടികവർഗ്ഗക്കാർക്കും 10,000/- രൂപവരെ ചികിത്സാ ചെലവ് സർക്കാർ ആശുപത്രികളിലും, മെഡിക്കൽ കോളേജ് ആശുപത്രികളിലും സൗജന്യമായി ലഭിക്കുന്നു. * ബി.പി.എൽ വിഭാഗത്തിൽപ്പെട്ട (വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെയുള്ള) രോഗികൾക്ക് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികൾ/സ്ഥാപനങ്ങൾ വഴി സൗജന്യ ചികിത്സ നൽകിവരുന്നു. ചികിത്സാ ചെലവ് 50000/-രൂപയിൽ അധികരിക്കുകയാണെങ്കിൽ സർക്കാർ അനുമതി ഉത്തരവിലൂടെ ചികിത്സാ ചെലവ് അനുവദിക്കുന്നു. ലഭ്യമല്ലാത്ത മരുന്നുകൾ പുറത്ത് മെഡിക്കൽ സ്റ്റോറുകളിൽ നിന്നും വാങ്ങുന്നതിനുള്ള ചെലവ്, ആശുപത്രികളിൽ നിന്നുള്ള ലാബ് ടെസ്റ്റിന്റെ ചെലവുകൾ, സർക്കാർ ആശുപത്രികൾ/ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സൗജന്യമായി ലഭ്യമാകാത്ത ലാബ് ടെസ്റ്റുകൾ പുറത്ത് നിന്നുള്ള സ്ഥാപനങ്ങളിൽ നിന്നും ചെയ്യുന്നതിനുള്ള ചെലവ്, രോഗികൾക്ക് ചികിത്സയ്ക്കായി അത്യാവശ്യം വേണ്ടിവരുന്ന ചികിത്സാ ഉപകരണങ്ങൾ ആശുപത്രികളിൽ ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ പുറത്തു നിന്നും ലഭ്യമാക്കുന്നതിനുള്ള ചെലവ്, രോഗികളെ ആശുപത്രികളിൽ എത്തിക്കുന്നതിനും അർഹരായ രോഗികളെ ചികിത്സ കഴിഞ്ഞ് വീടുകളിൽ എത്തിക്കുന്നതിനും, മരണമടഞ്ഞവരുടെ മൃതദേഹം വീടുകളിൽ എത്തിക്കുന്നതിനും വേണ്ടിവരുന്ന യഥാർത്ഥ ആംബുലൻസ്/ വാഹനവാടക, ആശുപത്രികളിൽ രോഗികളായവർക്ക് സൗജന്യ ഭക്ഷണം ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ ഭക്ഷണത്തിനായി പ്രതിദിനം 150/-രൂപ വരെയുള്ള ചെലവ്, ആശുപത്രികളിൽ രോഗികളുടെ കൂട്ടിരിപ്പിനായി തങ്ങുന്ന ഒരാൾക്ക് പ്രതിദിനം 200/- രൂപ വരെയുള്ള ചെലവ് എന്നിവ അനുവദിച്ചു

| | | | |
|---|---|---|---|
| | | | നൽകുന്നു. അരിവാൾ രോഗികൾക്ക് സാമ്പത്തിക സഹായമായി പ്രതിമാസം 2500/- രൂപ നിരക്കിൽ നൽകുന്നുണ്ട് ജി പി എസ് സംവിധാനമുള്ള 14 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. വകുപ്പിന് കീഴിൽ 5 അലോപ്പതി, ഒ പി ക്ലിനിക്കുകളും ഒരു ആയുർവേദ ആശുപത്രിയും 17 ആയുർവേദ ഡിസ്പെൻസറികളും പ്രവർത്തിച്ചുവരുന്നു. കൂടാതെ 4 ANM സെന്ററുകളും (Auxiliary Nurse & Mid-wifery Centre) പ്രവർത്തിക്കുന്നുണ്ട് പട്ടികവർഗ്ഗ വിഭാഗക്കാരായ രോഗികളുടെ വിവിധ ആശുപത്രി ആവശ്യങ്ങൾക്കായി 6 ആംബുലൻസുകൾ ഉപയോഗത്തിലുണ്ട്. |
| (സി) | പതിനെട്ട് വയസ്സിന് താഴെയുള്ള ഈ വിഭാഗങ്ങളിൽപ്പെട്ട കുട്ടികൾക്ക് ചികിത്സാ സഹായത്തിനായുള്ള പ്രത്യേക പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ? | (സി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ചികിത്സാ ധനസഹായ പദ്ധതിയിൽ നിന്നും ധനസഹായം അനുവദിക്കുന്നുണ്ട്. ഇതിനായി പ്രത്യേക പദ്ധതിയൊന്നും നിലവിലില്ല. 18 വയസ്സിൽ താഴെയുള്ള പട്ടികവർഗ്ഗകാർക്കായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. ടി വിഭാഗത്തിൽപ്പെട്ടവരുടെ ആരോഗ്യ സംരക്ഷണത്തിനായുള്ള എല്ലാ പദ്ധതികളും പ്രായഭേദമെന്യേ നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ